**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5339** **21-03-2025 - ൽ മറുപടിയ്ക്ക്**

**എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ,<br>ഡോ. എം. കെ. മുനീർ ,<br>ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ കെ ബി ഗണേഷ് കുമാർ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന നിയമലംഘനങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കേണ്ട മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമല്ല എന്നത് പരിശോധിച്ചിട്ടുണ്ടോ; | (എ) | നിലവിൽ മോട്ടോർ വാഹന വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം ഫലപ്രദമാണ്. |
| (ബി) | വാഹനത്തിന്റെ വേഗം നിയന്ത്രിക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ മാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെയും വർക്ക് ഷോപ്പ് ഉടമകൾക്കെതിരെയും നടപടി സ്വീകരിക്കാറുണ്ടോയെന്ന് വിശദമാക്കുമോ; | (ബി) | വാഹനത്തിന്റെ വേഗം നിയന്ത്രിയ്ക്കുന്ന ഇലക്ട്രോണിക് യൂണിറ്റിൽ മാറ്റം വരുത്തുന്ന വാഹന ഉടമകൾക്കെതിരെ നിയമനടപടി സ്വീകരിയ്ക്കുന്നുണ്ട്. ഇതിനായി എല്ലാ ആർ. ടി. ഓ. മാർക്കും, കർശന നിർദ്ദേശം നൽകിയിട്ടുണ്ട് |
| (സി) | മോട്ടോർ വാഹന നിയമ ലംഘനം നടത്തുന്നവർക്കെതിരെ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (സി) | മോട്ടോർ വാഹന നിയമം ലംഘിക്കുന്നവർക്കെതിരെ പിഴ ചുമത്തുകയും ഗുരുതരമായ കുറ്റകൃത്യം ചെയ്യുന്നവരുടെ ലൈസൻസ് സസ്പെൻറ് ചെയ്യുന്നതുമാണ്. പൊതു നിരത്തുകളിൽ കണ്ടുവരുന്ന ട്രാഫിക് കുറ്റകൃത്യങ്ങൾ പൊതുജനങ്ങൾക്കു നേരിട്ട് വീഡിയോ/ ഫോട്ടോ രൂപത്തിൽ മോട്ടോർ വാഹന വകുപ്പിന് റിപ്പോർട്ട് ചെയ്യുന്നതിനും, അതുവഴി കുറ്റകൃത്യത്തിനെതിരെ അനുയോജ്യമായ നടപടികൾ സ്വീകരിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി കേന്ദ്ര എൻ.ഐ.സി. രൂപകൽപ്പന ചെയ്ത എം പരിവാഹൻ മൊബൈൽ അപ്ലിക്കേഷനിൽ സിറ്റിസൺ സെന്റിനൽ എന്ന സംവിധാനം നടപ്പിലാക്കിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ